(ഇ) പ്രീ–സർവ്വീസ് ട്രെയിനിംഗിന്റെ കാലാവധി ആറുമാസത്തിൽ നിന്ന് ഒരു വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

വരൾച്ചബാധിത ബ്ലോക്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് കേന്ദ്രസഹായം

622 [834] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചബാധിത ബ്ലോക്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുമോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി ഏതെല്ലാം ബ്ലോക്കുകളിൽ എന്നുമുതൽ നടപ്പിലാക്കും;

(സി) ഓരോ ബ്ലോക്കിലും ചെലവഴിക്കുന്ന സംഖ്യയുടെ വിശദ വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ റവന്യൂവകുപ്പിൽനിന്നും ലഭിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. പ്രകൃതിക്ഷോഭ കെടുതികൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി സംസ്ഥാന ബഡ്ജാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയിൽ 2.5 കോടി രൂപ കേന്ദ്ര വിഹിതമാണ്. ഇതിൽ നിന്നും വില്ലേജടിസ്ഥാനത്തിൽ വരൾച്ച ബാധിതപ്രദേശങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടി ഈ വർഷം 73 ലക്ഷം രൂപ് സംസ്ഥാന ഗവൺമെൻറ് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി, സി) വരൾച്ചബാധിത പ്രദേശങ്ങൾ വില്ലേജടിസ്ഥാനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ബ്ലോക്കു തിരിച്ചുള്ള വിവരം ലഭ്യമല്ല.

II. 7–7–1986–ലേയ്ക്ക് ഉത്തരം നൽകുന്നതിനുവേണ്ടി നിശ്ചയിച്ചിരുന്ന ചോദ്യങ്ങൾ. *

ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ

623 [189] ശ്രീ. സിറിയക് ജോൺ:
,, എ. സി. ഷൺമുഖദാസ്:
,, റ്റി. പി. പീതാംബരൻ മാസ്റ്റർ:
ശ്രീമതി റേച്ചൽ സണ്ണിപനവേലി:
ശ്രീ. ആർ. എസ്. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്ന

* 7–7–1986-ൽ ചോദ്യോത്തരവേള ഇല്ലാതിരുന്നതിനാൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരമായി കണക്കാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്ര മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക്;

(സി) എത്ര ആഴ്ച ഇവർക്ക് സൗജന്യ റേഷൻ നൽകി;

(ഡി) ഇതിനുവേണ്ടി ആകെ ചെലവായ സംഖ്യ എത്ര?

ഉത്തരം

(എ, ബി, സി, ഡി) പ്രകൃതി ക്ഷോഭംമൂലം മാറിപ്പാർപ്പിക്കേണ്ടി വരുന്നവർക്ക് സൗജന്യ റേഷൻ നൽകുവാൻ ജില്ലാകളക്ടർമാർക്കുതന്നെ അധികാരമുണ്ട്. കൂടാതെ രൂക്ഷമായ കടലാക്രമണം നടന്നിട്ടുള്ള പ്രദേശങ്ങളിൽ വളരെ അധികം ദുരിതമനുഭവിക്കുന്നവർക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

തൊണ്ടുനിയന്ത്രണ നിയമഭേദഗതി

624 [191] ശ്രീ. വി. കേശവൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. ടി. കെ. അബ്ദു:
,, കെ. മൂസ്സക്കുട്ടി:
,, സി. പി. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടു നിയന്ത്രണ നിയമം ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രഗവൺമെൻറ് പുതിയ നിർദ്ദേശങ്ങൾ വല്ലതും സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് കയർ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുമോ;

(ഡി) അഴുക്കൽ തൊണ്ടിൽനിന്നു മാത്രം 30% ലെവി എടുത്ത് സഹകരണമേഖലയ്ക്ക് നൽകിയാൽ മതിയെന്ന് കേരളം ആവശ്യപ്പെട്ടിരുന്നുവോ?

ഉത്തരം

(എ, ബി) 1973–ലെ തൊണ്ടുനിയന്ത്രണനിയമം നിർത്തലാക്കിക്കൊണ്ട് ഒരു കൊല്ലക്കാലത്തേക്ക് പരീക്ഷണാർത്ഥം ലെവി ഏർപ്പെടുത്തുന്നതിന് സമ്മതമാണെന്നും ഇതിനെ സംബന്ധിച്ച് ഔപചാരികമായി ഉത്തരവുകൾ പുറപ്പെടുവിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായും കേന്ദ്ര ഗവൺമെൻറ് സംസ്ഥാനഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

(സി) പരീക്ഷണാർത്ഥം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ലെവി സമ്പ്രദായത്തിൽ പോരായ്മകളുണ്ടെന്നു കാണുകയാണെങ്കിൽ അവ പരിശോധിച്ച് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly